Santhigiri

ഗുരുവാണി
"ജീവിതം കൊണ്ട് പകർത്തിയെടുക്കാനുള്ള ധർമ്മബോധമുണ്ടെങ്കിലേ നിങ്ങൾക്കിത് അനുസരിച്ച് കൈകാര്യം ചെയ്യാൻ കഴിയൂ. "

# ഉണ്മനിതകം

VOL 05 | ISSUE 15 | 2019 ഏപ്രിൽ 14 | 1194 മീനം 31

Newspaper published from Santhigiri Ashram | For Private Circulation Only | www.santhigiriashram.org | തിരുവനന്തപുരം റൂറൽ

# വിപുലമായ ആഘോഷപരിപാടികളോടെ ശാന്തിഗിരിയിൽ നവഒലിജ്യോതിർദിനം

**സ്പിരിച്വൽ സോൺ :** ശാന്തിഗിരി ആശ്രമത്തിലും രാജ്യത്തുടനീളമുള്ള ബ്രാഞ്ചുകളിലും നവഒലിജ്യോതിർദിനം-20 സർവ്വമംഗളസുദിനം വിപുലമായ ആഘോഷപരിപാടികളോടെ നടത്തും. ഗുരു ആദിസങ്കല്പത്തിൽ ലയിച്ച മെയ് ആറിനാണ് നവഒലി ജ്യോതിർദിനം ആഘോഷിക്കുന്നത്. ഇതിനു മുന്നോടിയായി കേരളത്തിലുടനീളം ഗൃഹനന്മ കൂട്ടായ്മകൾ ആരംഭിച്ചു. ഏപ്രിൽ 21ന് എല്ലാ ആശ്രമം ബ്രാഞ്ചുകളിലും പൊതുജനങ്ങൾക്കായി അന്നദാനവും 28ന് പ്രധാന പട്ടണങ്ങളിൽ ശാന്തിയാത്രയും സംഘടിപ്പിച്ചിട്ടുണ്ട്.




ശാന്തിഗിരി വജ്രജൂബിലി ആഘോഷങ്ങളുടെ ഭാഗമായാണ് പരിപാടികൾ നടക്കുക. ശാന്തിഗിരി മാതൃമണ്ഡലത്തിന്റെ നേതൃത്വത്തിൽ ജലസംരക്ഷണം, അന്തരീക്ഷമലിനീകരണം തടയാനുള്ള മാർഗ്ഗങ്ങൾ, മാലിന്യ നിർമ്മാർജ്ജനം എന്നിവയെ അധികരിച്ച് ഏപ്രിൽ 18ന് ഭൗമദിനം ആചരിക്കും. സ്ത്രീകൾക്കായുള്ള ആരോഗ്യ സംരക്ഷണ പദ്ധതിയായ 'പ്രിയത' ഇതിനകം ആരംഭിച്ചിട്ടുണ്ട്.ഒരുവർഷക്കാലം നീണ്ടു നിൽക്കുന്ന പരിപാടിയാണ് പ്രിയത. ശാന്തിഗിരി ശാന്തിമഹിമയുടെ 'നന്മയുടെ ഇതളുകൾ', അവധിക്കാല ക്യാമ്പ് വിഷുദിനത്തിൽ ആരംഭിക്കും ശാന്തിഗിരി ഗുരുമഹിമയുടെ 'പുണ്യവാഹിനി' ഏപ്രിൽ 26ന് തുടങ്ങും. മെയ് 3 മുതൽ 5 വരെ തിരുവനന്തപുരം ശാന്തിഗിരി ആശ്രമത്തിൽ നവഒലി ശാന്തി സംഗമം നടക്കും.

മെയ് ആറിന് രാവിലെ 5ന് പ്രത്യേക പുഷ്പാഞ്ജലിയോടെ ഈ വർഷത്തെ നവഒലി ജ്യോതിർദിന ചടങ്ങുകൾ ആരംഭിക്കും. രാവിലെ 6ന് ധ്വജം ഉയർത്തൽ, 7ന് ഗുരുപാദവന്ദനം, പുഷ്പസമർപ്പണം, 9 ന് ആരാധന, 9.30ന് പ്രത്യേക സമർപ്പണവും ഗുരുദർശനവും. രാവിലെ 11ന് പ്രമുഖർ പങ്കെടുക്കുന്ന നവഒലിജ്യോതിർദിന സമ്മേളനം നടക്കും. ഉച്ചയ്ക്ക് 12ന് ഗുരുപൂജ. വൈകിട്ട് 5ന് ദീപപ്രദക്ഷിണം ഉണ്ടായിരിക്കും. ഇതിൽ രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നുള്ള ഭക്തർ പങ്കെടുക്കും. രാത്രി 9.25നാണ് നവഒലിജ്യോതിർദിനത്തോടനുബന്ധിച്ചുള്ള പ്രത്യേക പുഷ്പാഞ്ജലിയും ആരാധനയും നടക്കുക. 10 മണിമുതൽ കലാപരിപാടികൾ അരങ്ങേറും. ഇതിനോടനുബന്ധിച്ച് ഏപ്രിൽ 15ന് പാലക്കാട് ഒലശ്ശേരി ആശ്രമം ബ്രാഞ്ചിന്റെയും 25ന് എറണാകുളം പാലാരിവട്ടം ആശ്രമം ബ്രാഞ്ചിന്റെയും 28ന് തൃശ്ശൂർ തങ്ങാലൂർ ആശ്രമം ബ്രാഞ്ചിന്റേയും 30ന് മലപ്പുറം തെയ്യാല ആശ്രമം ബ്രാഞ്ചിന്റേയും വാർഷികാഘോഷങ്ങൾ വിപുലമായ പരിപാടികളോടെ നടക്കും.

## ആശ്രമത്തിന്റേത് നിഷ്പക്ഷ രാഷ്ട്രീയ നിലപാട് :

### സ്വാമി ഗുരുരത്നം ജ്ഞാനതപസ്വി

**സ്പിരിച്വൽ സോൺ:** ശാന്തിഗിരി ആശ്രമം എല്ലാക്കാലത്തും രാഷ്ട്രീയ നിലപാടുകളിൽ നിഷ്പക്ഷത പുലർത്തിയിട്ടുണ്ടെന്ന് ആശ്രമം ഓർഗനൈസിംഗ് സെക്രട്ടറി സ്വാമി ഗുരുരത്നം ജ്ഞാനതപസ്വി അറിയിച്ചു. എക്കാലത്തും തുടർന്നുവരുന്ന നിലപാടാണിത്. ആശ്രമവുമായി ബന്ധപ്പെട്ട് നിൽക്കുന്ന ഭക്തർക്ക് അവരവരുടേതായ രാഷ്ട്രീയ വിശ്വാസമുണ്ട്. രാഷ്ട്രീയ വിശ്വാസങ്ങൾക്കനുസരിച്ച് തീരുമാനമെടുക്കാൻ എല്ലാവർക്കും അവരവരുടേതായ സ്വാതന്ത്ര്യമുണ്ട്. ആശ്രമം ഒരു ആദ്ധ്യാത്മിക പ്രസ്ഥാനമാണ്. ആശ്രമത്തിന് രാഷ്ട്രീയ നിലപാടുകൾ ഇല്ല. എല്ലാ രാഷ്ട്രീയ പാർട്ടികളോടും ആശ്രമത്തിന് നിഷ്പക്ഷമായ സമീപനമാണ് ഉള്ളതെന്നും സ്വാമി കൂട്ടിച്ചേർത്തു.




## ആലോചനായോഗം നടന്നു

**എജ്യൂക്കേഷൻ സോൺ:** നവഒലിജ്യോതിർദിനം 20 ആഘോഷിക്കുന്നതിനെക്കുറിച്ച് ആലോചിക്കുന്നതിനായി ഏപ്രിൽ 10ന് ശാന്തിഗിരി ആശ്രമം ഓർഗനൈസിംഗ് സെക്രട്ടറി സ്വാമി ഗുരുരത്നം ജ്ഞാനതപസ്വിയുടെ അദ്ധ്യക്ഷതയിൽ ആലോചനായോഗം നടന്നു. വിവിധ ഏരിയകളിൽ നടന്നുവരുന്ന പ്രചാരണപ്രവർത്തനങ്ങളെക്കുറിച്ച് യോഗം വിലയിരുത്തി. സ്വാഗതസംഘം വിളിച്ച് ചേർക്കുന്നതിന് തീരുമാനിച്ചു. ഡിപ്പാർട്ട്മെന്റ് പ്രതിനിധികളെ കൂടി ഉൾപ്പെടുത്തി വിപുലമായ ആലോചനായോഗം ഉടൻ ചേരും.



# ഗുരുവാണി

ഈ ഭൂമിക്ക് ഒരു പ്രപഞ്ചസത്യമുണ്ട്, ശക്തിവിശേഷമുണ്ട്. ഭൂമി ഒരു ഗോളമായിട്ടാണല്ലോ നിൽക്കുന്നത്. അതുപോലെ അനേകായിരം ഗോളങ്ങൾ നിറഞ്ഞു നിൽക്കുന്ന ഈ ആകാശം. ഒരു സൗരയൂഥമായി ചുറ്റി നിൽക്കുന്ന സൂര്യനും മറ്റ് ഒൻപതുഗ്രഹങ്ങളും. ഈ ഒമ്പതും കറങ്ങുന്നു. സൂര്യൻമാത്രം സ്ഥിരമായി നില്ക്കുന്നു - സൗരയൂഥം! ഈ സൗരയൂഥവുമായി ബന്ധിപ്പിച്ച് ഇരുപത്തിയേഴു നക്ഷത്രം പന്ത്രണ്ടുരാശി ഒമ്പത് ഗ്രഹം എന്നു കണക്കെടുത്തിരിക്കുന്നു. ഇതിന്റെ വലിപ്പവും ദൂരവും അളന്ന് കൂട്ടി കുറച്ച് ഈ പറഞ്ഞ ആളിനെ ഒന്നും ചെയ്യേണ്ട കാര്യമില്ല. അവൻ അതിനൊന്നുമല്ല വന്നത്. താൻ എന്തൊക്കെയായിപ്പോയിട്ടുണ്ട്. താൻ എത്ര ചീത്തയായി, എത്ര നല്ലതായി - ഇതു മാത്രമേ അവൻ ചിന്തിക്കുന്നുള്ളൂ. ഇതു മാത്രമേ ഗുരു പറഞ്ഞുകൊടുക്കുന്നുള്ളൂ. ഈ നക്ഷത്രത്തിന്റെ അളവിലും തൂക്കത്തിലും അതിന്റെ കാര്യത്തിലും കാരണത്തിലും അറിഞ്ഞും അറിയാതെയും അനേകം ജീവസ്വഭാവത്തിൽ നിൽക്കുന്ന ജീവരഹസ്യമുണ്ട്. ഇത് ഒരു ജീവിതം കൊണ്ട് അറിഞ്ഞുപോകാൻ കഴിയുകയില്ല. ഇവിടെയാണു ഗുരുവിന്റെ പ്രാധാന്യം.

ഇങ്ങനെയുള്ള ലോകങ്ങളും സഞ്ചാരപഥങ്ങളും കണ്ടിട്ട് താനും ഗുരുവുമായി സഞ്ചരിക്കുകയാണ്. നല്ലതിലും ചീത്തയിലുമൊക്കെ താനും ഗുരുവുമായിട്ടു സഞ്ചരിക്കുകയാണ്. ഇതാണ് സത്യമാർഗത്തിലേക്കുള്ള സഞ്ചാരം. ജീവിതത്തിൽ ഇന്ന അനുഭവങ്ങളൊക്കെ ഉണ്ടായില്ലേ എന്നു ഗുരു ചോദിക്കുകയില്ല. ഗുരുവിനോടു ശിഷ്യൻ പറയണം. എന്നിട്ട് ഈ ജീവിതരഹസ്യം ഗുരു പറഞ്ഞുകൊടുക്കുകയാണ്, വിവേകാനന്ദനു ശ്രീരാമകൃഷ്ണൻ എന്നതുപോലെ. ശ്രീരാമകൃഷ്ണൻ ഒരു പദവിവരെ എത്തിയിട്ട് ആ പദവി ശിഷ്യനു കാണിച്ചു കൊടുക്കയാണ്.

ജാഗ്രത് - സ്വപ്ന - സുഷുപ്തിയിലും പിന്നെ തുര്യബോധത്തിലും ഇരുന്നു കാണും, യാതൊരു വിശേഷവിധിയുമില്ലാതെ. തന്റെ ജീവനും തന്റെ കർമശേഷിയും കാണുകയാണ്, ജാഗ്രത് - സ്വപ്ന - സുഷുപ്തിയിലും തുര്യത്തിലും തുര്യതീതത്തിലും. തുര്യത്തിൽ വച്ചാണ് ഇത് തിരിയുന്നത് - ദേവൻ എന്ത് ദേവി എന്ത്, ഋഷി എന്ത്, സന്ന്യാസി എന്ത്, തുര്യമെന്ത് അങ്ങനെ തുര്യഭേദം അതാകും. അങ്ങനെ വന്നപ്പോൾ അതു ഗുരു പറഞ്ഞു കൊടുക്കണം. കാണുക മാത്രമല്ല തൃപ്തിയോടെ തന്നെ കാണാം. അപ്പോൾ, വിവേകാനന്ദൻ ആര്, ഇന്നോളം വന്നിരിക്കുന്ന ഋഷിവര്യന്മാർ ആര്, ഇന്നോളം വന്നിരിക്കുന്ന പ്രവാചകൻമാർ ആര്. ഇതെല്ലാം ഈ ഗുരുവിൽ ഉൾപ്പെട്ടു നിൽക്കണം. അല്ലാത്തവൻ ഗുരുവല്ല. എല്ലാം തെളിഞ്ഞുതന്നെ കിട്ടും.

അങ്ങനെ അനേകായിരം ജന്മത്തിൽ ഈ ഗുരുശിഷ്യബന്ധത്തിൽ അനേകായിരം ജനങ്ങളെ കണ്ടിരിക്കും. അത് ഉണ്ടോന്നോ ഇല്ലെന്നോ പറയേണ്ട കാര്യമില്ല. അതിങ്ങനെ അനേകജന്മങ്ങളായിട്ട് വന്നുപോയിരിക്കുകയാണ്. പക്ഷേ തനിക്കുള്ള ഒരേ ഒരു ബന്ധം - താനും ഗുരുവും മാത്രം. തനിക്ക് അനേകായിരം ബന്ധങ്ങൾ ജന്മാന്തരങ്ങളായിട്ടുണ്ടെങ്കിലും അവസാനം താനും ഗുരുവും മാത്രമായി കാണുകയാണ്. അതുകൊണ്ട് തന്റെ ഈ ജീവിതം നികഴ്ത്തിക്കൊണ്ടുപോകാൻ ഗുരുവിനല്ലാതെ മറ്റാർക്കും കഴിയുകയില്ല.

ഒരാളിന്റെ കർമഗതിപോലെയല്ല മറ്റൊരാളിന്റെ കർമഗതി. അതുകൊണ്ട് ഒരാളോട് ഇടപെടുന്നതുപോലെയല്ല ഗുരു മറ്റൊരാളോട് ഇടപെടുന്നത്. ലോകം മൊത്തമുള്ള കർമത്തിൽ നമ്മൾ ഇടപെട്ടു കാണും. ഇതെല്ലാം സ്വപ്നത്തിൽ കണ്ടുകൊണ്ടിരിക്കും. ജാഗ്രത്തും സ്വപ്നവും സുഷുപ്തിയും ഗുരു വിശദീകരിച്ചു പറഞ്ഞുതന്നിട്ട് പിന്നെ തുര്യത്തിലേക്കു കടത്തിവിടും. ഇന്നോളം വന്നിട്ടുള്ള ഏതെല്ലാം പ്രവാചകൻമാരും ഏതെല്ലാം ഗുരുക്കന്മാരുമുണ്ടോ അതിന്റെയെല്ലാം പ്രകൃതത്തിൽ ഈ കർമഗതിയെ എല്ലാം കളഞ്ഞും എടുപ്പിച്ചും ചെയ്തും ചെയ്യിപ്പിച്ചും അറിഞ്ഞും അറിയിച്ചും അങ്ങനെ അനേകസ്വഭാവത്തിൽ വരുന്നതാണ് ഗുരുവിന്റെ പ്രകൃതം. അമ്മയായും അച്ഛനായും ഭാര്യയായും മക്കളായും ഭർത്താവായും ഇങ്ങനെ അനേകായിരമായി വരുന്നതിനെയൊക്കെ എന്തിനു നോക്കുന്നു എന്നു വേദാന്തികൾ പറയുന്നു. വേദാന്തികൾ അക്ഷരം കൊണ്ടു വ്യാഖ്യാനിച്ചാൽ ഈ കർമം ഇല്ലാതാകുമോ?

## വചനദീപ്തി

*മുഖ്യമായി മഹത്തുക്കളുടെ കൃപ കൊണ്ടോ*
*ഭഗവാന്റെ കാരുണ്യലേശം കൊണ്ടോ ഭക്തിയുണ്ടാകുന്നു.*

**നാരദ ഭക്തിസൂത്രങ്ങൾ**

## സ്പിരിച്വൽ ഡ്യൂട്ടി ലിസ്റ്റ്

19.04.2019 – **ജനസേവികപുരം**
20.04.2019 – **പോത്തൻകോട്**

## യാമപ്രാർത്ഥന

2019 ഏപ്രിൽ 18 :– 3 AM- 6 AM

# നവഒലി

പ്രകാശപഥം

ഗുരു, ആ സാക്ഷിരൂപവും അതിന്റെ ചൈതന്യവിശേഷവും അനുഭവിച്ചറിയുന്ന നിമിഷാർദ്ധം; നമ്മൾ ഓരോരുത്തരും ഏതെങ്കിലും ഒരു സന്ദർഭത്തിൽ ഇപ്പോഴല്ലെങ്കിൽ ഏതെങ്കിലുമൊരു യുഗാന്തരധർമത്തിൽ ഗുരുവിനോടടുത്തു കഴിഞ്ഞിട്ടുണ്ട് എന്നു നാം അറിയുന്നു. അങ്ങനെ ഇപ്പോഴുള്ളതും കഴിഞ്ഞുപോയതും ഇനി വരാനിരിക്കുന്നതുമായ ദീർഘദർശിത്വത്തിലെ ജ്യോതിസ്വരൂപമാണ് നാം അനുഭവിച്ചറിയുന്ന ആ നിമിഷാർദ്ധം. ഗുരു സകലധർമാത്മാവായിരിക്കുന്നുവെന്ന് നാം അനുഭവം കൊണ്ടറിയുന്നു. ആ അനുഭവം ശിഷ്യൻ ഗുരുവുമായി പങ്കുവയ്ക്കുന്ന സ്വഭാവത്തിനാണ് നാം ഓരോരുത്തരും നമ്മുടെ കർമഗതിയെ ഗുരുവിങ്കലേക്കർപ്പിക്കുന്ന ഒരു ഘോഷയാത്രയുടെ സ്വഭാവത്തിൽ നാം ചെയ്യുന്നത്.

ഇതിനു മുമ്പും നാം അനവധി കുംഭമേളകൾ നടത്തിയിട്ടുണ്ട്. അല്ലെങ്കിൽ തന്റെ സങ്കല്പം ഇന്നതുപോലെ ഇരിക്കണം, അത് ഇന്നതായിരിക്കണം, അത് ഇന്നതുപോലെ ചെയ്താൽ ദൈവാനുഗ്രഹം ഉണ്ടാകും അല്ലെങ്കിൽ കൃപാകടാക്ഷം ഉണ്ടാകും എന്ന് ബ്രഹ്മത്തിൽ നിന്നൊരറിയിപ്പുണ്ട്. ആ അറിയിപ്പ് സാക്ഷാത്കരിക്കുന്ന സ്വഭാവമാണ് ‘സങ്കൽപമാത്രേണ പരമേശ്വരഃ’എന്ന സ്വഭാവത്തിൽ ‘ഗുരുപൂജ’ എന്നു നാം പറയുന്ന ആ കർമത്തിന്റെ വലിപ്പം നിഗൂഢവും എന്നാൽ ആ നിഗൂഢരഹസ്യങ്ങളിലേക്ക് നീങ്ങുമ്പോൾ താനും ഗുരുവുമായി പങ്കുവയ്ക്കുന്ന ആത്മീയാനുഭവങ്ങളെ അളക്കാനും അല്ലെങ്കിൽ ആ അളവ് മനുഷ്യചേതനയുമായിട്ടു പങ്കുവയ്ക്കാനും കഴിയാത്ത നിമിഷാർദ്ധമായ് അത് മാറുന്നു. അങ്ങനെ ഗുരുവും ശിഷ്യനും ഭക്തിയുടെ സാന്ദ്രതയിലേക്കു പോയിട്ട് ഒരു ദേവനോ ദേവിയോ ഋഷിയോ ജ്ഞാനിയോ ഭക്തനോ സന്ന്യാസിയോ ആരോ ആകട്ടെ ഏതെല്ലാം സന്നിധാനങ്ങൾ കടന്നു വരുന്നു, ആ സന്നിധാനങ്ങൾ കണ്ടിട്ട് ഈ ഗുരുവിന്റെ ദീർഘദർശിത്വസ്വഭാവമുള്ള ഏതു മണ്ഡലത്തിലെ പ്രകാശരൂപം കൊണ്ടാണ് ഈ വിശ്വസിക്കുന്ന വകയെ പൊട്ടിക്കുന്നതെന്ന് അനുഭവസാക്ഷിയായിത്തീരണം. ആ അനുഭവസാക്ഷിത്വമാണ് ശാന്തിഗിരിയുടെ ഉദ്ദേശ്യവും ലക്ഷ്യവും ഗുരുപൂജയും. ആ ഗുരുപൂജയുടെ നിർമ്മലസ്വഭാവം പിന്നെ തന്റെ ജീവൻമുക്തിയിലേക്കും വഴിതെളിക്കും. ഒരു സംഭവം, ഞാൻ എന്റെ രക്ഷാകർത്താക്കളും ഗുരുവിന്റെ മക്കളുമായിരിക്കുന്ന അവകാശപ്പെട്ട ഓരോരുത്തരോടും പങ്കുവയ്ക്കാൻ എനിക്ക് ഈ നിമിഷം തോന്നുന്നു. കാരണം ഈ കുംഭമേള എന്നു പറയുന്ന ഈ സുദിനം ഏതെല്ലാം സന്നിധാനങ്ങൾ കടന്നാണ് ഗുരുവിന് ഈ ജന്മത്തുതന്നെ ബ്രഹ്മനിശ്ചയത്തിന്റെ ഉദ്ദേശ്യലക്ഷ്യം സാക്ഷാത്കരിക്കുവാൻ വേണ്ടി അറിയിപ്പായിക്കിട്ടിയത്. ‘ഞാൻ യുഗാന്തരങ്ങളായി ആഗ്രഹിച്ച കാര്യം ഇന്ന് നടപ്പിലായി’ എന്ന് ഒരു ദിവസം 5 മണിക്ക് 5 മിനുട്ട് ഉള്ളപ്പോൾ ബ്രഹ്മപ്രകാശത്തിൽ നിന്ന് കിട്ടുന്ന ഒരു വാക്കാണ്. അന്ന് ഗുരു നമ്മളോരോരുത്തരോടും പറഞ്ഞു, ‘ഇതെന്താണെന്ന് നിങ്ങളോരോരുത്തരും പോയി നോക്കണം, നിങ്ങൾക്ക് എന്തുകിട്ടുന്നു എന്നറിയട്ടെ’.

അങ്ങനെയിരിക്കെ ഒരു സന്ദർഭത്തിൽ എനിക്കു കിട്ടിയ ഒരനുഭവം ഞാൻ പറയുകയാണ്. അന്നിവിടെ പർണ്ണശാല പോലൊരു രൂപം മാത്രമേ ഉള്ളൂ. അന്ന് ഗുരുവിനെ എല്ലാവരും സ്വാമി എന്നു വിളിക്കുന്ന ഒരു സന്ദർഭമായിരുന്നു. ഗുരു ആരോടും കൈനീട്ടി പൈസ ചോദിച്ചിട്ടില്ല. ഗുരു ഒരു സാധനവും ചോദിച്ചിട്ടില്ല. അതു ഗുരുവിന്റെ സ്വഭാവമായിരുന്നു. അങ്ങനെ ജീവിക്കുന്ന ഒരു സന്ദർഭത്തിൽ ശിഷ്യന്മാർ തന്നെ ആവശ്യപ്പെട്ടിട്ട് ഗുരുവിന് ഇരിക്കാൻ ഇപ്പോൾ നമ്മൾ കാണുന്ന ആ പർണ്ണശാലയുടെ രൂപം ഒന്നു കെട്ടിവെയ്ക്കാൻ വേണ്ടി ഗുരു എന്തുമാത്രം വേദന സഹിച്ചു എന്ന് നാം ഓരോരുത്തരും നമ്മളുമായി ഒന്ന് ആത്മസമർപ്പണം പങ്കുവയ്ക്കണം. വെറും ഇഷ്ടികയും കുമ്മായവും സിമന്റും അതിലുണ്ടോ എന്നു സംശയിക്കുന്ന രൂപത്തിൽ, ആ രൂപം കൊടുത്ത സന്ദർഭത്തിൽ ഗുരു ബ്രഹ്മത്തിൽ നിന്നും കിട്ടിയിരിക്കുന്നതുപോലെ ചെയ്യാൻ നിങ്ങളിരുന്നു നോക്ക്, നിങ്ങൾക്ക് എന്തു കിട്ടുന്നു എന്നറിയട്ടെ എന്നു പറഞ്ഞു.

( **‘ദൈവസ്നേഹം പങ്കുവയ്ക്കുന്ന നിമിഷാർദ്ധങ്ങൾ’** അഭിവന്ദ്യ ശിഷ്യപൂജിതയുടെ പ്രഭാഷണത്തിൽ നിന്ന് )

# പരമ്പരാഗതമായ അവകാശം

ഓരോ രാഷ്ട്രത്തിനും അതിന്റേതായ ആത്മീയവും സാംസ്കാരികവുമായ പാരമ്പര്യ അവകാശങ്ങളുണ്ട്. അത് പൂർവികരുടെ ധർമകർമങ്ങളുടെ ഫലസ്വരൂപമായ കർമഗതിയെയും കർമശേഷിയെയും ആസ്പദമാക്കിയിരിക്കുന്നു. ചരിത്രപരമായി സംസ്കാരങ്ങളെ വിലയിരുത്തിയ പണ്ഡിതന്മാർ ആത്മീയവും ഭൗതികവുമായ നേട്ടങ്ങളെയും കോട്ടങ്ങളെയും അവ തലമുറകൾക്കായി ദാനം ചെയ്തുപോയകാര്യങ്ങൾ വ്യാവഹാരികജീവിതത്തെ എപ്രകാരം സ്വാധീനിച്ചു എന്ന സംഗതിയെയും നോക്കിക്കാണുന്നു. എന്നാൽ ഈ വഴിക്കുള്ള പരിചിന്തനങ്ങളും പഠനങ്ങളും ആത്മീയമൂല്യങ്ങളെ ആഴത്തിലും ഔന്നത്യത്തിലും വേണ്ടവണ്ണം വിലയിരുത്തിക്കണ്ടിട്ടുണ്ടോ എന്ന ചോദ്യം അവശേഷിക്കുന്നു. എന്തുകൊണ്ടെന്നാൽ ദാർശനികതലത്തിൽ ആത്മജ്ഞാനിക്കുമാത്രം കണ്ടെത്താനാവുന്ന സൂക്ഷ്മതലങ്ങൾ സാധാരണ പുസ്തകജ്ഞാനത്തിനും അതിലൂടെ സമാർജിതമായ പാണ്ഡിത്യത്തിനും അപ്പുറത്താണ്.

ശാസ്ത്രവിജ്ഞാനത്തിന്റെ സംഭാവനകൾ ഭൗതികസുഖസൗകര്യങ്ങളായി രൂപാന്തരം കൊണ്ടപ്പോൾ ആത്മീയകാര്യങ്ങളെ അവഗണിക്കുന്ന പ്രവണത വളർന്നുവന്നു. ശാസ്ചത്രത്തിനും യുക്തികുകം നിരക്കാത്ത, അവയ്ക്ക് അപ്രാപ്യമായ, ഒന്നിനെയും ഉൾക്കൊള്ളാനോ അംഗീകരിക്കാനോ വിസമ്മതിക്കുന്ന മൗഢ്യം ഈ പ്രവണതയുടെ സന്തതിയാണ്. പാരമ്പര്യത്തെക്കുറിച്ച് പൊങ്ങച്ചം പറയാൻ ഇളകിയാടുന്ന നാവുകൾ ചിന്താദാരിദ്ര്യത്തിന്റെ തെളിവായിവരുന്നത് ഇതുകൊണ്ടാണ്. സ്വയം അറിയാനാവാത്തത്, അനുഭവത്തിലൂടെ അറിഞ്ഞവർ പറയുമ്പോൾ സംശയദൃഷ്ട്യാ വീക്ഷിക്കുന്നതും നിഷേധിക്കുന്നതും ഉൽപ്പതിഷ്ണുക്വമെന്നുപോലും വിവരിക്കപ്പെടുന്നു.

മേൽപ്പറഞ്ഞ കാര്യങ്ങളുടെ പശ്ചാത്തലത്തിൽ ഭാരതസംസ്കാരത്തെ വിലയിരുത്തിക്കാണേണ്ടത് ചരിത്രപരമായ ഒരു ആവശ്യമാണ്. നിയുക്തനായി ഭവിച്ച ആത്മജ്ഞാനിയുടെ നിയോഗത്തിന്റെ ഭാഗമായിരിക്കുമ്പോൾ ഇക്കാര്യം ശ്രദ്ധാലുക്കളായ ജിജ്ഞാസുക്കളുടെ പഠനത്തിന് വിഷയീഭവിക്കേണ്ടതാണ്. ത്യാഗത്തിന്റെ മാർഗ്ഗത്തിലൂടെ ജ്ഞാനാഖണ്ഡതകൾ കണ്ടറിഞ്ഞ ഋഷീശ്വരന്മാരുടെ ആത്മസുകൃതം ഭാരതസംസ്കാരത്തിന്റെ പൈതൃകമാണ്. വേദോക്തങ്ങളായ സത്യവാക്കുകൾ ഇതിന് തെളിവായിരിക്കുന്നു. യുഗാന്തരങ്ങളിലൂടെ ഉണർവിന്റെ ഔന്നത്യത്തിലെത്തിയ ഭാരതീയദർശനത്തിന്റെ അടിത്തറ തന്നെ പ്രസ്തുത ആർഷസുകൃതത്തിലാണ് അധിഷ്ഠിതമായിരിക്കുന്നത്. എന്നാൽ പിന്നെ എന്തുകൊണ്ടാണ് ഇന്നു കാണുന്ന ധർമച്യുതിയിലും കർമലോപത്തിലും വിശ്വാസവൈകല്യങ്ങളിലും ഭാരതം എത്തിപ്പെട്ടുനിൽക്കുന്നത് എന്ന ചോദ്യം പ്രസക്തമാണ്. അതിന്റെ കാരണങ്ങൾ തേടുമ്പോൾ ആദ്യമായി ശ്രദ്ധയിൽപ്പെടുന്നത് ജ്ഞാനികളെ അറിഞ്ഞ് ആദരിക്കാനും അവരുടെ ആദർശങ്ങളെ മാനിച്ചെടുത്ത് അനുസന്ധാനം ചെയ്യാനും മടിച്ച ഒരു ജനതയുടെ പരശതം തലമുറകളാണ്. അതുകൂടാതെ മറ്റൊരു പ്രധാന കാരണം കൂടിയുണ്ട്. അത് യുഗാന്തരങ്ങൾക്കുമുമ്പുപറ്റിയ ഒരു തെറ്റിലേക്ക് വിരൽചൂണ്ടുന്നു.

# അമ്മയെ ഓർക്കുമ്പോൾ ...

**സ്വാമി ഗുരുരത്നം ജ്ഞാനതപസ്വി**



*ജഗദമ്മ ടീച്ചർ സ്വാമി ഗുരുനന്ദ് ജ്ഞാനതപസ്വിയോടൊപ്പം*

22 വർഷം മുമ്പ് ആശ്രമത്തിൽ സ്ഥിരമായി നിൽക്കാനെത്തിയ ഒരമ്മയും മകനും. അമ്മ മലയാളം അദ്ധ്യാപികയായി വിരമിച്ചതാണ്. ശ്രീജിത്ത് എന്ന ആ മകൻ അന്ന് പഠിച്ചുകൊണ്ടിരിക്കുന്നു. ഗുരു അവർക്ക് ആശ്രമം കാർട്ടേഴ്സിൽ താമസിക്കാൻ അനുവാദം കൊടുത്തു. ആ അമ്മയാണ് കഴിഞ്ഞ ദിവസം നമ്മെ വിട്ടുപിരിഞ്ഞ ജഗദമ്മ ടീച്ചർ (സ്വാമി ഗുരുനന്ദ് ജ്ഞാനതപസ്വിയുടെ പ്രിയ മാതാവ്). അമ്മ നആശ്രമത്തിന്റെ വിവിധ യൂണിറ്റുകളിൽ സേവനം അനുഷ്ഠിച്ചിരുന്നു. ശാന്തിഗിരി വിദ്യാഭവൻ സ്റ്റോർ ആരംഭിച്ചപ്പോൾ അവിടുത്തെ കാര്യങ്ങൾ നോക്കുന്നതിന് അമ്മയെ ചുമതലപ്പെടുത്തിയിരുന്നു. കുറച്ചു കാലം ആശ്രമത്തിൽ കൺസ്ട്രക്ഷന്റെ കണക്കും അമ്മ നോക്കിയിരുന്നു. കൊല്ലം ജില്ലയിലെ കുഴിമതിക്കാട് ഗവ.ഹയർസെക്കന്ററി സ്കൂളിൽ നിന്നുൾപ്പെടെ നേടിയ 32 വർഷത്തെ അദ്ധ്യാപകജീവിതത്തിലെ പരിചയം അമ്മ അവിടെയെല്ലാം പ്രയോജനപ്പെടുത്തി. അമ്മ മകനോട് (സ്വാമി ഗുരുനന്ദ് ജ്ഞാനതപസ്വി) ചെറുപ്പകാലം മുതലേ ഉപദേശരൂപേണ പറയുന്ന കാര്യങ്ങൾ ആ മകന് ഏത് വിഷമസന്ധിയിലും ഒരു കൈത്താങ്ങായിരുന്നു. 'അമ്മ ഘനപ്പെട്ട വാക്കുകൾ പറയുന്നവളായിരിക്കണം' എന്ന ഗുരുവാണിയെ അന്വർത്ഥമാക്കുന്ന രീതിയിലാണ് അമ്മമകന് പകർന്നു നൽകിയ വാക്കുകൾ. ഹോമിയോ ഡോക്ടറായിരുന്നു മകൾ സുജ ശ്രീകുമാർ, ഭർത്താവിന്റെ മരണത്തെത്തുടർന്ന് കാത്തലിക് സിറിയൻ ബാങ്കിൽ ലഭിച്ച ജോലി തുടർന്നു വരികയാണ്. മകൻ ശ്രീജിത്ത് 2006ൽ ബ്രഹ്മചാരിയായി ആശ്രമത്തിൽ നിന്നപ്പോൾ അമ്മ ഏറെ സന്തോഷിച്ചു. ശാരീരികാവശത കൊണ്ട് അന്ത്യകാലഘട്ടങ്ങളിൽ ശാന്തിഗിരി സിദ്ധ മെഡിക്കൽ കോളേജ് ഹോസ്പിറ്റലിൽ ആയിരുന്നു താമസമെങ്കിലും ഇടക്കിടക്ക് ആശ്രമത്തിലെത്തി ഗുരുദർശനം നടത്തി മടങ്ങാറുണ്ടായിരുന്നു. അമ്മയുടെ സ്നേഹം പലപ്പോഴും എനിക്ക് അനുഭവിക്കാൻ കഴിഞ്ഞിട്ടുണ്ട്. ആ ഓർമ്മകൾക്കു മുമ്പിൽ പ്രണാമം അർപ്പിക്കുന്നു. ഗുരുകാരുണ്യത്താൽ ആ ആത്മാവിന് നിത്യശാന്തി ഉണ്ടാകട്ടെയെന്ന് പ്രാർത്ഥിക്കുന്നു.

# ദിവംഗതയായി



എൻ ജഗദമ്മ

**കരുണപുരം :** ഗുരുധർമ്മപ്രകാശ സഭയിലെ സ്വാമി ഗുരുനന്ദ് ജ്ഞാനതപസ്വിയുടെ മാതാവ് കരുണപുരം 'ജനശ്രീ'യിൽ എൻ ജഗദമ്മ ടീച്ചർ (77) ഏപ്രിൽ 13ന് ദിവംഗതയായി. പൊതുദർശനം ഇന്ന് രാവിലെ 8 മണി മുതൽ കോൺഫറൻസ് ഹാളിൽ. സംസ്കാരം രാവിലെ 10 മണിക്ക് കരുണപുരത്ത്. കൊട്ടാരക്കര എഴുകോൺ സ്വദേശിനിയായിരുന്നു. കുഴിമതിക്കാട് ഗവ.ഹയർ സെക്കന്ററി സ്കൂൾ റിട്ട. അദ്ധ്യാപികയാണ്. മകൾ : സുജ ശ്രീകുമാർ.


# അഡ്മിഷൻ

## ആരംഭിച്ചിരിക്കുന്നു

ഹെൽത്ത്കെയർ സോൺ: ശാന്തിഗിരി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് പാരാമെഡിക്കൽ സയൻസിൽ 2019 ഏപ്രിൽ 20ന് ശേഷം ആരംഭിക്കുന്ന ആയുർവേദ പഞ്ചകർമ്മ കോഴ്സിലേക്ക് അപേക്ഷകൾ ക്ഷണിക്കുന്നു.

**ബന്ധപ്പെടേണ്ട നമ്പർ : 8111882301, 8113034007**




ശാന്തിഗിരി ആശ്രമം, ഓലശ്ശേരി ബ്രാഞ്ച്

# ഓലശ്ശേരി ബ്രാഞ്ച് വാർഷികം ഏപ്രിൽ 15ന്

**പാലക്കാട് :** ശാന്തിഗിരി ആശ്രമം, ഓലശ്ശേരി ബ്രാഞ്ചിന്റെ 22–ാമത് വാർഷികം 2019 ഏപ്രിൽ 15 തിങ്കളാഴ്ച ആഘോഷിക്കും. രാവിലെ 5.00 മണിക്ക് നടക്കുന്ന പ്രാർത്ഥനയോടെ ആഘോഷപരിപാടികൾ ആരംഭിക്കും. വൈകിട്ട് 7.00 മണിക്ക് നടക്കുന്ന ദീപപ്രദക്ഷിണത്തോടെ പരിപാടികൾ സമാപിക്കും.

1997–ൽ ശാന്തിഗിരി ഹെൽത്ത് കെയർ സെന്ററിന്റെ (ഇന്നത്തെ ശാന്തിഗിരി ആയുർവേദ മെഡിക്കൽ കോളേജ്) ഉദ്ഘാടനത്തോടനുബന്ധിച്ച് ഏപ്രിൽ15ന് ഗുരു ശാന്തിഗിരി ആശ്രമം ഓലശ്ശേരി ബ്രാഞ്ചിൽ എത്തിയതിന്റെ വാർഷികമാണ് എല്ലാവർഷവും ആഘോഷിക്കുന്നത്.





# ട്രാഫിക് സുരക്ഷ ശക്തമാക്കി

**റിസർച്ച് സോൺ :** ട്രാഫിക് സുരക്ഷ ശക്തമാക്കുന്നതിന്റെ ഭാഗമായി ആശ്രമം ഗേറ്റ് 1, 2, 4, 5, ഗേറ്റ് 20 എന്നിവയിൽക്കൂടി ടു വീലർ, ഫോർ വീലർ വാഹനങ്ങളിൽ സഞ്ചരിക്കുമ്പോൾ ഹെൽമെറ്റും സീറ്റ് ബെൽറ്റും ധരിക്കുന്നത് നിർബന്ധമാക്കിയിരിക്കുന്നു. ഇത് സംബന്ധിച്ച സെക്യൂരിറ്റി ഉദ്യോഗസ്ഥരുടെ നിർദ്ദേശം എല്ലാവരും പാലിക്കേണ്ടതാണെന്ന് സെക്യൂരിറ്റി ഡിപ്പാർട്ട്മെന്റ് ഇൻചാർജ് അറിയിച്ചു.

# എച്ച്.ആർ. വാർത്തകൾ

**സ്പിരിച്വൽ സോൺ :** മാർച്ച് 18ന് നടന്ന ആശ്രമം ഡയറക്ടർബോഡ് തീരുമാനപ്രകാരം ഡോ.കെ. റിജുവിനെ കാക്കനാട് ശാന്തിഗിരി ആയുർവേദ & സിദ്ധ ഹോസ്പിറ്റൽ അഡീഷണൽ മെഡിക്കൽ സൂപ്രണ്ട് (ആയുർവേദ) ആയും കെ.കെ.സന്തോഷ്കുമാറിനെ ഓർഗനൈസിംഗ് സെക്രട്ടറിയുടെ ഓഫീസിലെ ഡെപ്യൂട്ടി ജനറൽ മാനേജർ (അഡ്മിനിസ്ട്രേഷൻ) ആയും സ്ഥാനക്കയറ്റം നൽകുന്നതിന് തീരുമാനിച്ചു.



ഡോ.കെ. റിജു



കെ.കെ.സന്തോഷ്കുമാർ

# വെള്ളിമെഡൽ നേടി

**കാര്യവട്ടം:** വാക്കോ ഇന്റർനാഷണൽ കിക്ക് ബോക്സിംഗ് ഫെഡറേഷൻ കാര്യവട്ടം എൽ.എൻ.സി.പി.യിൽ വച്ച് സംഘടിപ്പിച്ച 16 വയസ്സിന് താഴെയുള്ളവരുടെ 60 കിലോ വിഭാഗത്തിലെ കിക്ക് ബോക്സിംഗ് മത്സരത്തിൽ വെള്ളിമെഡൽ നേടിയ അജീഷ് കുമാർ വി. ശാന്തിഗിരി വിദ്യാഭവൻ സീനിയർ സെക്കന്ററി സ്കൂളിലെ വിദ്യാർത്ഥിയാണ്.



**അജീഷ് കുമാർ വി.**



എ.കെ.എം. ഫ്രൂട്ട്ലാന്റിന്റെ ഉദ്ഘാടനം സ്വാമി ഗുരുരത്നം ജ്ഞാനതപസ്വി നിർവ്വഹിക്കുന്നു

# എ.കെ.എം. ഫ്രൂട്ട്ലാന്റ് ഉദ്ഘാടനം ചെയ്തു

**ശാന്തിഗിരി ജംഗ്ഷൻ :** പഴവർഗ്ഗങ്ങളുടെ വിപണനരംഗത്ത് ഏഴ് പതിറ്റാണ്ട് പാരമ്പര്യമുള്ള എറണാകുളം എ.കെ.എം. ഫ്രൂട്ട്ലാന്റിന്റെ തിരുവനന്തപുരം ശാഖയുടെ ഉദ്ഘാടനം ഏപ്രിൽ 11ന് ശാന്തിഗിരി ആശ്രമം ഓർഗനൈസിംഗ് സെക്രട്ടറി സ്വാമി ഗുരുരത്നം ജ്ഞാനതപസ്വി നിർവ്വഹിച്ചു. അബ്ദുൽ ഖരീം സഖാവി, ഫാ. മാത്യു ചരിവുകാലയിൽ എന്നിവർ പങ്കെടുത്തു. ശാന്തിഗിരി ഫ്യുവൽസിന് സമീപമാണ് പുതിയ കട. ആപ്പിൾ, ഓറഞ്ച്, മാങ്ങ, പൈനാപ്പിൾ, മുന്തിരി തുടങ്ങി വിവിധ പഴവർഗ്ഗങ്ങൾ മൊത്തമായും ചില്ലറയായും ഇവിടെ നിന്നും ലഭിക്കും.

**ഫോൺ: 9656985020**



# വഴിയാത്രക്കാർക്ക് ദാഹജലമൊരുക്കി വിദ്യാർത്ഥികൾ

**എജ്യൂക്കേഷൻ സോൺ:** കടുത്ത വേനൽച്ചൂടിൽ ഒരുകുടം നന്മയുമായി ശാന്തിഗിരി വിദ്യാഭവൻ സീനിയർ സെക്കന്ററി സ്കൂളിലെ കുട്ടികൾ. വഴിയാത്രക്കാർക്ക് കുടിക്കാനായി സ്കൂൾ കവാടത്തിന് മുമ്പിൽ പാതയോരത്ത് മൺകുടത്തിൽ ശുദ്ധജലം നിറച്ചാണ് കുട്ടികൾ മാതൃകയായത്. അദ്ധ്യാപിക ബിന്ദുനന്ദനയുടെ നേതൃത്വത്തിലാണ് പ്രവർത്തനം.



ഗൃഹസ്ഥാശ്രമ സംഘം പൊതുയോഗം

# പൊതുയോഗം നടന്നു

**റിസർച്ച് സോൺ :** ശാന്തിഗിരി ഗൃഹസ്ഥാശ്രമ സംഘം പൊതുയോഗം ഏപ്രിൽ 7ന് നടന്നു. ഡോ. കെ.ആർ.എസ്. നായർ മുഖ്യ പ്രഭാഷണം നടത്തി. രണ്ട് തരത്തിലുള്ള അറിവുണ്ട്; ഒന്ന് പുസ്തകത്തിലൂടെയും സംഭാഷണത്തിലൂടെയും കിട്ടുന്നത്, രണ്ടാമത്തേത് അനുഭവജ്ഞാനവും. ഇത് ഗുരുവിലൂടെയാണ് ലഭിക്കുന്നത്. കൂടാതെ പരാവിദ്യ അഥവാ ബ്രഹ്മജ്ഞാനം. മറ്റെല്ലാ ജ്ഞാനവും അപരാവിദ്യയാണ്. ആമുഖപ്രഭാഷണം നടത്തിയ ഗോപാലകൃഷ്ണൻ വി.എൻ. നമ്മുടെ പ്രാർത്ഥന കൊണ്ട് ഈ ആശയം ലോകത്ത് എത്തിക്കേണ്ട സമയമായെന്നും അതിന്റെ ഭാഗമാണ് വജ്രജൂബിലിയോടനുബന്ധിച്ചു നടക്കുന്ന ആഘോഷ പരിപാടികളെന്നും പറഞ്ഞു.

ശ്രീ. പ്രമോദ് എം.പി. സ്വാഗതവും ഉണ്ണികൃഷ്ണപ്രസാദ് ടി.കെ. കൃതജ്ഞതയും രേഖപ്പെടുത്തി.

# അവാർഡ് നേടി

**രത്നഗിരി :** മികച്ച സേവനത്തിനുള്ള ഇന്ത്യൻ റെയിൽവേ ചീഫ് ഓപ്പറേഷൻസ് മാനേജരുടെ അവാർഡിന് തുടർച്ചയായി രണ്ടാം വർഷവും രമേശ് കെ. ആമ്പാടി അർഹനായി. കൊല്ലം മുതൽ ചെങ്കോട്ട വരെയുള്ള റെയിൽവേ സ്റ്റേഷനുകളുടെ ചുമതലയുള്ള ട്രാഫിക് ഇൻസ്പെക്ടറാണ്. രത്നഗിരി 'പുഷ്പ'ത്തിൽ ദിവംഗതനായ ആമ്പാടി കൃഷ്ണപിള്ളയുടെയും കെ. രാധമ്മയുടേയും മകനാണ്. ഭാര്യ: സോഫി വി മക്കൾ: ശാന്തിരൂപൻ ആർ., ഗുരുപ്രിയ ആർ.



രമേശ് കെ. ആമ്പാടി

ഗുരുചരണം ശരണം

# 41-ാം ദേഹവിയോഗദിനം

(15-04-2019)

**എന്റെ ഭാര്യ സതി സോമരാജന്റെ അപ്രതീക്ഷിതമായ ദേഹവിയോഗത്തിൽ നേരിട്ടും അല്ലാതെയും അനുശോചനം അറിയിക്കുകയും സംസ്കാരചടങ്ങുകളിൽ പങ്കെടുക്കുകയും ചെയ്ത എല്ലാ സന്ന്യാസശ്രേഷ്ഠരോടും ആത്മബന്ധുക്കളോടും ഹൃദയംഗമമായ കൃതജ്ഞത ആദരപൂർവ്വം അറിയിക്കുന്നു. ദിവംഗതയുടെ 41-ാം ദേഹവിയോഗദിനത്തോടനുബന്ധിച്ച് ആശ്രമത്തിൽ നാളെ (15-04-2019) നടക്കുന്ന പ്രാർത്ഥനയിലും പുഷ്പസമർപ്പണത്തിലും എല്ലാ ബന്ധുമിത്രാദികളും ഇതൊരറിയിപ്പായി കരുതി പങ്കെടുക്കുന്നതിനും ജീവന്റെ നന്മയ്ക്കും ധന്യതയ്ക്കുമായി പ്രാർത്ഥിക്കുന്നതിനും ഗുരുനാമത്തിൽ വിനീതമായി അപേക്ഷിക്കുന്നു.**



സതി സോമരാജൻ

പ്രാർത്ഥനയോടെ,

**എൻ. സോമരാജൻ** (ഭർത്താവ്)

ജനറൽ മാനേജർ (അഡ്മിനിസ്ട്രേഷൻ) ഫിനാൻസ്

ശാന്തിഗിരി ആശ്രമം

ഈ ലോകം.. ഇവിടെ ചില മനുഷ്യർ

വാമനപുരം മണി

## ഭൂമിക്കൊരു കൈനീട്ടം



Printed and published by Swami Chaithanya Jnana Thapaswi, Chief Editor, on behalf of Santhigiri Ashram, Thiruvananthapuram-695589. For private circulation only.
Editorial Head: Janani Divya Jnana Thapaswini, Editor: T. Sasimohan, Deputy Editor: Anil Cherthala